**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1366** **18-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പിയിലെ എൻ.സി.എഫ്.ആർ.ഡബ്ല്യു. സ്കീമിൽ ഉൾപ്പെട്ട പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.സി.എഫ്.ആർ. ഡബ്ല്യു. സ്കീമിൽ പട്ടാമ്പി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; ഇവയിൽ പ്രവൃത്തി പൂർത്തിയാക്കിയ പദ്ധതികൾ, അവയ്ക്ക് ഭരണാനുമതി ലഭിച്ച തീയ്യതി, ഇതിൽ പാലക്കാട് ജില്ല കളക്ടർ ഓഫീസിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവയുടെ വിശദാംശങ്ങൾ ഓരോന്നും തീയ്യതി സഹിതം അറിയിക്കാമോ; | (എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. |
| (ബി) | എൻ.സി.എഫ്.ആർ.ഡബ്ല്യു. സ്കീമിൽ ഉൾപ്പെട്ടതും ഭരണാനുമതി ലഭിച്ചിട്ടും ഇനിയും പൂർത്തിയാക്കുവാൻ സാധിക്കാത്തതുമായ ഓരോ പ്രവൃത്തിയുടേയും വിശദാംശങ്ങൾ ഭരണാനുമതി ലഭിച്ച തീയ്യതി, അത് ജില്ലാ കളക്ടർ ഓഫീസിൽ ലഭിച്ച തീയ്യതി, അതിൽ കളക്ടർ ഓഫീസിലെ ബന്ധപ്പെട്ട സെക്ഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ വിശദമായി വ്യക്തമാക്കാമോ; | (ബി) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. |
| (സി) | ഇത്തരം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചതിനുശേഷം പൂർത്തിയാക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നൽകി വരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഭരണാനുമതി ലഭിച്ച തീയതി മുതൽ ആറ് മാസത്തിനകം പ്രവൃത്തി നിർവ്വഹണത്തിനുള്ള എഗ്രിമെന്റ് വച്ചിരിക്കണം. അപ്രകാരം എഗ്രിമെന്റ് വയ്ക്കാത്ത പ്രവൃത്തികൾ റദ്ദാകുന്നതാണ്. ഭരണാനുമതി തീയതി മുതൽ ഒന്നര വർഷമാണ് പ്രവൃത്തികളുടെ ഭരണാനുമതി കാലയളവ്. |
| (ഡി) | പ്രവൃത്തികൾ നിശ്ചയിച്ചിട്ടുള്ള സമയത്തിനകം പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല എങ്കിൽ | (ഡി) | സമയബന്ധിതമായി ആരംഭിച്ച ശേഷം മുൻകൂട്ടി കാണാൻ സാധിക്കാത്ത കാരണങ്ങളാൽ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്ന |

| | | | |
|---|---|---|---|
| | അടുത്ത നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കാമോ; | | പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ജില്ലാ കളക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്ന കേസുകളിൽ ഓരോ കേസിന്റെയും സാഹചര്യം പരിശോധിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളുകയാണ് ചെയ്യുന്നത്. |
| (ഇ) | പട്ടാമ്പി മണ്ഡലത്തിൽ ഇത്തരത്തിൽ പൂർത്തിയാക്കുവാൻ സാധിക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അവയിൽ ജില്ലാ കളക്ടർ ഓഫീസ് സ്വീകരിച്ചിട്ടുള്ള നടപടികൾ തീയതി സഹിതം വ്യക്തമാക്കാമോ; | (ഇ) | നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് ഭരണാനുമതി അനുവദിക്കാറില്ല എന്നതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. |
| (എഫ്) | ഇത്തരത്തിൽ പ്രവൃത്തികൾ നടപ്പിലാക്കാൻ വൈകിയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (എഫ്) | നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് ഭരണാനുമതി അനുവദിക്കാറില്ല എന്നതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. |
| (ജി) | എൻ.സി.എഫ്.ആർ.ഡബ്ല്യു. സ്കീമിൽ ഉൾപ്പെട്ട് ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന ബന്ധപ്പെട്ട സെക്ഷന് എന്തെല്ലാം ഉത്തരവാദിത്വങ്ങൾ ഉണ്ടെന്നു വിശദമാക്കാമോ; പദ്ധതി നിർദ്ദേശിച്ചിട്ടുള്ള നിയമസഭാസാമാജികർ ആവശ്യപ്പെടുകയാണെങ്കിൽ പദ്ധതിയുടെ നിലവിലുള്ള വിശദാംശങ്ങൾ അറിയിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബാദ്ധ്യതയുണ്ടോ; വ്യക്തമാക്കാമോ? | (ജി) | സർക്കാരിൽ നിന്നും ലഭിക്കുന്ന ഭരണാനുമതി ഉത്തരവ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് / നിർവ്വഹണ ഉദ്യോഗസ്ഥന് സമയബന്ധിതമായി അയച്ച് നൽകേണ്ടതും തദ്ദേശ സ്ഥാപനം നിർവ്വഹണ അനുമതിക്കായി ലഭ്യമാക്കുന്ന രേഖകൾ പരിശോധിച്ച് പ്രവൃത്തിക്ക് നിർവ്വഹണ അനുമതി നൽകേണ്ടതും അതാത് ജില്ലാ കളക്ടർമാരാണ്. അതിന് ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടത് കളക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷന്റെ ഉത്തരവാദിത്തമാണ്. പ്രവൃത്തികൾ പൂർത്തീകരിച്ച് ബില്ല് സമർപ്പിക്കുന്ന സീനിയോറിറ്റി അനുസരിച്ച് പ്രവൃത്തിയുടെ ബിൽ തുക നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിക്കുന്നതും ജില്ലാ കളക്ടറേറ്റിൽ ആണ്; നിയമസഭാ സാമാജികർ ആവശ്യപ്പെടുകയാണെങ്കിൽ പ്രവൃത്തിയുടെ വിശദാംശങ്ങൾ അറിയിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണ്. |

സെക്ഷൻ ഓഫീസർ